217 (2533) ആയുർവേദ ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി

ശ്രീ. എ. അലിഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിൽ സ്ഥിതിചെയ്യുന്ന തിരുവനന്തപരും ജില്ലാ ആയുർവേദാശുപത്രിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രിയിലെ വാർഷിക മെയിന്റനൻസുകൾ ചെയ്യാതിരുന്നതിനെ തുടർന്ന് കഴിഞ്ഞവർഷം ആശുപത്രി അടച്ചുപൂട്ടിയിടേണ്ടിവന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനുശേഷം എന്തെല്ലാം വികസന പരിപാടികൾ ഈ ആശുപത്രിയിൽ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ആശുപത്രിയിലെ അപകടകരമായ വൈദ്യുതി കണക്ഷനുകൾ റിപ്പയർ ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) അഞ്ചേക്കറോളം വിസ്തൃതിയുള്ള ഈ ആശുപത്രിക്ക് ആവശ്യമായ കെട്ടിടങ്ങളും പഞ്ചകർമ്മവാർഡ് ഉൾപ്പെടെയുള്ള മറ്റ് സൗകര്യങ്ങളും ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) ആശുപത്രിയിലെ കുറവുകൾ പരിശോധിച്ച് പരിഹരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ജി) ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഈ സ്ഥാപനത്തിന്റെ വികസനത്തിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കാൻ പഞ്ചായത്തിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാർഷിക മെയിന്റനൻസ് നടത്താത്തതിന്റെ പേരിൽ അടച്ചുപൂട്ടിയിട്ടില്ല.

(സി) 17-10-99-ൽ ഈ ആശുപത്രി ഓലമേഞ്ഞ് പണി പൂർത്തിയായിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

(ഡി)&(ഇ)ആശുപത്രി ഭരണം ജില്ലാ പഞ്ചായത്തിന് കൈമാറിയ പരിതസ്ഥിതിയിൽ വേണ്ട നടപടി സ്വീകരിക്കേണ്ടത് പ്രസ്തുത പഞ്ചായത്താണ്.

(എഫ്) ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ജി) വികസന പദ്ധതി തയ്യാറാക്കുന്ന കാര്യം പഞ്ചായത്ത് സ്വയം ചെയ്യേണ്ടതാണ്. സർക്കാർ ഇടപെടുന്നത് ഉചിതമല്ല.

218 (2534) കുഴിമണ്ണ, ചീക്കോട് പഞ്ചായത്തുകളിൽ ആയുർവേദ ആശുപത്രികൾ സ്ഥാപിക്കുന്നതിന് നടപടി

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly